(ഇ) റവന്യൂ വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി ലാന്റ് റവന്യൂ കമ്മിഷണറുടെ ഓഫീസിലും എല്ലാ ജില്ലാ കളക്ടറേറ്റുകളിലും സ്യൂട്ട് സെക്ഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ലാന്റ് റവന്യൂ കമ്മിഷണറുടെ ഓഫീസിലും ജില്ലാ കളക്ടറേറ്റുകളിലും ഓരോ സ്യൂട്ട് സെക്ഷനുകൾ പ്രവർത്തിച്ചുവരുന്നു.

(ജി) സ്യൂട്ട് സെക്ഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഡെപ്യൂട്ടി കളക്ടർ ലാന്റ് അക്വിസിഷനെ സ്യൂട്ട് സെക്ഷന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

2. സ്യൂട്ട് സെക്ഷൻ ചെയ്യേണ്ട നടപടികളെക്കുറിച്ച് വേണ്ട മാർഗ്ഗനിർദ്ദേശം (രൂപരേഖ) കമ്മിഷണറേറ്റിൽ നിന്നും എല്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

3. കൂടാതെ വളരെ വിശദമായ ഒരു സർക്കുലർ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്കും ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർമാർക്കും അയച്ചിട്ടുണ്ട്.

4. ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസ് അഡ്വക്കേറ്റ് ജനറൽ ഓഫീസുപോലെ ക്രമീകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. എൽ.എ.ആർ., റവന്യൂ റിക്കവറി എന്നിവയിലുള്ള ഒ.പി., ഒ.എസ്. കേസ്സുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിന് വിവിധ കോടതികളുമായി ബന്ധപ്പെട്ട് സത്വര നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. അവയിലുള്ള പുരോഗതി അവലോകനം ചെയ്തുവരുന്നു.

പഞ്ചായത്തുകളിൽ ഇൻഫർമേഷൻ സെന്റർ

28 (*587) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഓരോ ഇൻഫർമേഷൻ സെന്ററുകൾ തുറക്കുവാനും ജനങ്ങൾക്ക് സൗജന്യനിരക്കിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാർത്താവിനിമയ സൗകര്യങ്ങൾ ഏർപ്പെടുത്താനും ഇ-മെയിലുകളയയ്ക്കാനും സംവിധാനമേർപ്പെടുത്തുമോ;

(ബി) പ്രസ്തുത വകുപ്പിൽ മിനിസ്റ്റീരിയൽ തസ്തികകളിൽ സാങ്കേതിക യോഗ്യതകളും ഓഡിറ്റിംഗ് യോഗ്യതകളുമുള്ള എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ;

(സി) വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സാങ്കേതിക യോഗ്യതയുള്ളവരുടെ സാങ്കേതിക പരിജ്ഞാനം ഉപയുക്തമാക്കുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ സെന്റർ തുറക്കുന്നതിനുള്ള പൊതുവായ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ പഞ്ചായത്തുകൾ തീരുമാനിക്കുന്നപക്ഷം ഈ പരിപാടി നടപ്പാക്കാവുന്നതാണ്.

1163/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) ഉദിക്കുന്നില്ല.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണത്തിനും വികസനത്തിനും വേണ്ടിയുള്ള പ്രോജക്ട്

29 (*588) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണത്തിനും വികസനത്തിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾക്ക് എന്തു തുകയാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഈ തുക ഏതു ഫണ്ടിൽനിന്നാണ് കണ്ടെത്തുന്നത്;

(സി) ന്യൂട്രലൈസേഷൻ പ്ലാന്റിനുവേണ്ടി എത്ര കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു; ഏതു ഫണ്ടിൽനിന്നാണ് തുക കണ്ടെത്തുന്നത്;

(ഡി) എന്നത്തേയ്ക്ക് ഈ പ്ലാന്റിന്റെ പണി ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) മാലിന്യരഹിതമായ ഒരു പുതിയ പ്രോജക്ടിന് അവസാന രൂപംകൊടുത്തുവരുന്നതേയുള്ളൂ.

(ബി) ആഭ്യന്തര വിഭവസമാഹരണവും കടമെടുപ്പുമാണ് ധനാഗമ മാർഗ്ഗങ്ങൾ.

(സി) പുതിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഇതിനു പ്രസക്തിയില്ല.

(ഡി) 7.3.2000-നകം ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ നിർമ്മാണ ജോലികൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ മാലിന്യരഹിതമായി ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യയുമായി ഒരു ജർമ്മൻ കമ്പനി മുന്നോട്ടുവന്നിരിക്കുന്ന സാഹചര്യത്തിൽ ന്യൂട്രലൈസേഷൻ പ്ലാന്റിന് പ്രസക്തിയില്ല.

കുടിയേറ്റ കർഷകർക്ക് പട്ടയം

30 (*589) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1977 ജനുവരി ഒന്നിന് മുമ്പ് കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിയേറ്റ കർഷകർക്ക് പട്ടയം നൽകാനുള്ള സർക്കാരിന്റെ അപേക്ഷ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ;

(സി) പട്ടയം ലഭിക്കാത്തതിനാൽ കുടിയേറ്റ കൃഷിക്കാർക്ക് ബാങ്ക് വായ്പകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly